"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - പ്രോഗ്രാം ഓഫീസർ തസ്തികയിൽ 03/07/2020 മുതൽ 09/04/2024 വരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിച്ചിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് ഡയറക്ടർ ശ്രീ.ജഹാംഗീർ.എസ് എന്നവർക്ക് സദ്സേവന രേഖ സമ്മാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1614/2024/LSGD തീയതി,തിരുവനന്തപുരം, 01-09-2024

---

പരാമർശം:- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09/04/2024 തീയതിയിലെ 1795/E1/2023/KSHO നം. കത്ത്.

**ഉത്തരവ്**

കുടുംബശ്രീ നോഡൽ ഏജൻസി ആയി സംസ്ഥാനത്ത് നഗര പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ നഗര ഉപജീവന ദൗത്യം (NULM), പ്രധാന മന്ത്രി ആവാസ് യോജന നഗരം- ലൈഫ് (PMAY-U- LIFE) എന്നീ പദ്ധതികളുടെ പ്രോഗ്രാം ഓഫീസർ ആയി 03/07/2020 മുതൽ 09/04/2024 വരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിച്ചിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് ഡയറക്ടർ ശ്രീ.ജഹാംഗീർ.എസ് എന്നവരുടെ ഇക്കാലയളവിലെ മികച്ച മേൽനോട്ടം കൊണ്ട് ഇരു പദ്ധതികളും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന നിലയിൽ നടപ്പിലാക്കുന്നതിനു സാധിച്ചിട്ടുണ്ട് എന്നും താഴെപ്പറയുന്ന മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മേൽ പരാമർശിച്ച പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

i) നഗരപ്രദേശങ്ങളിലെ ദാരിദ്ര്യ നിർമ്മാർജനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യം (NULM) പദ്ധതിയുടെ വിവിധ ഘടകങ്ങളിൽ കേന്ദ്ര സർക്കാർ അതാത് സാമ്പത്തിക വർഷം നൽകിയ ടാർഗറ്റ്കൾ പൂർത്തീകരിക്കുക, യഥാസമയം ഫണ്ട് ക്ലൈം ചെയ്യുകയും ചിലവഴിക്കുകയും ചെയ്യുക, കൃത്യമായി ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുക തുടങ്ങി വിവിധ പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ SPARK റാങ്കിംഗിൽ (Systematic Progressive Analytical Real Time Ranking) 2020-21 സാമ്പത്തിക വർഷം ഒന്നാം റാങ്ക് , 2021-22 സാമ്പത്തിക വർഷം രണ്ടാം റാങ്ക്, 2022-23 സാമ്പത്തിക വർഷം രണ്ടാം റാങ്ക് എന്നിവ നേടിയതിലൂടെ സംസ്ഥാനത്തിന് പ്രൈസ് തുകയായി 30 കോടി രൂപ അധിക കേന്ദ്ര വിഹിതം ലഭിക്കുന്നതിനു കാരണമായി.

ii.) നഗരങ്ങളിലെ തെരുവുകച്ചവടക്കാർക്ക് ഈട് രഹിത വായ്പ നൽകി ഉപജീവനം ഉറപ്പാക്കുന്നതിനു NULM പദ്ധതിയുടെ ഉപ പദ്ധതിയായി വന്ന പി എം സ്വനിധി

ലോൺ സ്കീം പ്രകാരം 2023 -24 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ കേരളത്തിന് നൽകിയ 1,23,000 ലോണുകൾ നൽകാനുള്ള ടാർഗറ്റിൽ 31/03/2024 ലെ കണക്കു പ്രകാരം 1,25,100 ഒന്നാം ഘട്ട ലോൺ അപേക്ഷകൾ ബാങ്കുകളിൽ എത്തിക്കുന്നതിനും 1,11,476 ലോണുകൾ സാംഗ്ഷൻ ആക്കുന്നതിനും സാധിച്ചിട്ടുണ്ട്.

iii.) NULM പദ്ധതി ഘടകങ്ങളിൽ ഇല്ലാത്തതും എന്നാൽ NRLM പദ്ധതി പ്രകാരം ഗ്രാമ പ്രദേശങ്ങളിൽ നടപ്പിലാക്കുന്നതുമായ മോഡൽ CDS, മോഡൽ ADS, അർബൻ പോവർട്ടി റിഡക്ഷൻ പ്ലാൻ തുടങ്ങിയ പ്രവർത്തനങ്ങൾ പ്ലാൻ ഫണ്ടും NULM ഫണ്ടും സംയോജിപ്പിച്ച് നഗരപ്രദേശങ്ങളിൽ നടപ്പിലാക്കാൻ കഴിഞ്ഞു. കൂടാതെ ചലനം പോലുള്ള പരിശീലന ക്യാമ്പെയ്നുകളിലൂടെ കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു.

iv.) എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നഗരപ്രദേശങ്ങളിൽ 2015 ജൂൺ മാസം മുതൽ നടപ്പിലാക്കി വരുന്ന പ്രധാന മന്ത്രി ആവാസ് യോജന നഗരം-ലൈഫ് (PMA-U-LIFE) പദ്ധതിയുടെ 03/07/2020 മുതൽ 09/04/2024 വരെ കാലയളവിൽ 21489 ലൈഫ് വീടുകൾ ഉൾപ്പെടെ 57,250 വീടുകളുടെ അംഗീകാരം കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുക്കുന്നതിനും 38,000 വീടുകൾ പൂർത്തീകരിക്കുന്നതിനും കഴിഞ്ഞു. വിവിധ സംയോജന മാതൃകകളിലൂടെ പദ്ധതി നടപ്പിലാക്കിയതിനു 2021 ലെ കേന്ദ്ര സർക്കാരിന്റെ ' മികച്ച സാമൂഹ്യാധിഷ്ഠിത നിർവഹണവും സംയോജന മാതൃകയും" വിഭാഗത്തിൽ സംസ്ഥാനത്തിന് അവാർഡ് ലഭിക്കുകയുമുണ്ടായി.

2. മേൽപ്പറഞ്ഞ വിവിധ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായി മേൽനോട്ടം വഹിച്ചത് പരിഗണിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് ഡയറക്ടറും കുടുംബശ്രീ പ്രോഗ്രാം ഓഫീസർ അർബനുമായിരുന്ന ശ്രീ ജഹാംഗിർ.എസ് -ന് സദ്സേവന രേഖ നൽകുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സേവന തത്പരതയും ആത്മാർത്ഥ പ്രയത്നവും സ്തുത്യർഹമായ സേവനവും കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് ഡയറക്ടറും കുടുംബശ്രീ പ്രോഗ്രാം ഓഫീസർ അർബനുമായിരുന്ന ശ്രീ ജഹാംഗിർ.എസ് -ന് കെ.എസ്.ആർ ഭാഗം I, ചട്ടം 34(2) പ്രകാരം സദ്സേവന രേഖ സമ്മാനിച്ച് ഉത്തരവാകുന്നു.

4. ടി ഉദ്യോഗസ്ഥന്റെ സർവീസ് രേഖകളിൽ ഇതുസംബന്ധിച്ച രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

വ്യക്തിക്ക് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/119/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

Date: 02-09-2024 15:07:35

സെക്ഷൻ ഓഫീസർ